പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3671

19.02.2013-ൽ മറുപടിക്ക്

## പരവൂരിൽ മിനിഫിഷ് ലാന്റിംഗ് സെന്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പരവൂരിൽ മിനിഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണം നടത്തുന്നതിനായി 26.12.08-ലെ ജി.ഒ.(ആർ.റ്റി) നം.747/08/ F&PD തീയതി പ്രകാരം 12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മേയ് 2012 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും, പരിസ്ഥിതി പഠനം, മാതൃകാ പഠനം എന്നിവയും നടത്തുന്നതിനായി 40 ലക്ഷം രൂപയുടെ പുതുക്കിയ ഇൻവെസ്റ്റി ഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് മുന്നോടിയായി നടത്തിയ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചുവോ; | (ബി) | ടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 3 സീസണുകളിലായി നടക്കുന്ന സർവ്വേ പ്രവൃത്തികളിൽ മൺസൂൺ സീസണും പോസ്റ്റ് മൺസൂൺ സീസണും പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഒരു സീസണിലെ സർവ്വെ കൂടി പൂർത്തീകരിക്കാനുണ്ട്. |
| (സി) ഫിഷ് ലാന്റിംഗ് സെന്റർ പരവൂരിൽ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; എത്രയും പെട്ടെന്ന് ആയത് സാദ്ധ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തി യായശേഷം മാതൃകാപഠനവും പരിസ്ഥിതി പഠനവും CRZ status-ഉം ലഭ്യമാക്കി പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ